## 626

*രീതി: കുരിശുചുമന്നവനേ*

മനുവേൽ മനോഹരനേ! നിന്മുഖമതിരമണീയം
തിരുമുഖശോഭയിൽ ഞാനനുദിന മാനന്ദിച്ചിടും

1 പ്രതികൂലമേറുമീ ഭൂമിയിതിലെ ഖേദം പോമകലെ
നിൻമുഖകാന്തി-യെന്മേൽ നീ ചിന്തും നിമിഷങ്ങൾ നാഥാ-
ലജ്ജിക്കയില്ല നിന്മുഖം നോക്കി ഭൂവിൽ വാസം ചെയ്‌വോർ-

2 ദുഷ്ടർ തൻതുപ്പൽ കൊണ്ടേറ്റം മലിനം ആകാൻ വദനം
വിട്ടുകൊടുത്ത-തിഷ്ടമായെന്നിൽ അതുമൂലമല്ലേ!
അമ്മുഖം തന്നെ മിന്നിയിന്നെന്നെയെന്നും പോറ്റും നന്നേ-

3 ലോകത്തിൻ മോടികൾ ആകർഷകമായ് തീരാതെന്നകമേ
സുന്ദരൻ നീ നിൻമന്ദിരമാക്കി അനിശവും വാഴ്ക-
കീർത്തിക്കും നിന്റെ നിസ്തുല്യനാമം സ്തോത്രം സ്തോത്രം പാടി-

**T.K.S**